**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3552** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ശമ്പളം നൽകാൻ പ്രതിമാസം എത്ര രൂപ ആവശ്യമാണ്; 2022 മേയ് മാസത്തിൽ മുഴുവൻ ജീവനക്കാർക്കും ശമ്പളം നൽകിയത് ഏത് ദിവസമാണ്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>27,000-ഓളം വരുന്ന ജീവനക്കാരുടെ മൊത്ത ശമ്പളം വിതരണം ചെയ്യുന്നതിനായി ഏകദേശം 95 കോടി രൂപ ആവശ്യമായി വരും. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം സർക്കാരിൽ നിന്നും സാമ്പത്തിക സഹായമായി അനുവദിച്ച 30 കോടി രൂപ ഉപയോഗപ്പെടുത്തി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് ലഭ്യമാക്കിയിരുന്ന 50 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് വായ്പ കുടിശ്ശിക പൂർണ്ണമായും ഒടുക്കി വീണ്ടും പുതുക്കിയെടുത്താണ് മെയ് മാസത്തെ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ശമ്പളം ജൂൺ 17-ഓടെ വിതരണം ചെയ്തത്. ദൈനംദിന വരുമാനത്തിൽ നിന്നും മിച്ചം പിടിച്ചും ഇന്ധന കമ്പനികൾക്ക് നൽകാനുള്ള തുകയിൽ കുറവ് വരുത്തിയും സമാഹരിച്ച തുക വിനിയോഗിച്ച് മിനിസ്റ്റീരിയൽ ഉൾപ്പെടെയുള്ള മറ്റൊരു വിഭാഗം ജീവനക്കാർക്ക് ജൂൺ 27-ാം തീയതിയോടെ അടുത്ത ഘട്ട ശമ്പള വിതരണം നടത്തുകയുണ്ടായി. 28/6/2022-ൽ മിച്ചമുള്ള ജീവനക്കാരുടെ ശമ്പള വിതരണത്തിനായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നും 10 കോടി രൂപ അടിയന്തിര വായ്പ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനെ തുടർന്ന് പ്രതിദിന കൺസോർഷ്യം വായ്പ തിരിച്ചടവ്, ഇന്ധന കമ്പനികൾക്ക് നൽകാനുള്ള തുക എന്നിവ പൂർണ്ണമായും നിർത്തിവെച്ചുകൊണ്ട് സ്വരുക്കൂട്ടിയ തുക ഉപയോഗിച്ച് ജൂൺ 30 മുതൽ ജൂലൈ 2 വരെയുള്ള വിവിധ ഘട്ടങ്ങളിലായി എല്ലാ വിഭാഗം ജീവനക്കാർക്കും മെയ് മാസത്തെ നെറ്റ് ശമ്പളമായ |

| | | | |
|---|---|---|---|
| | | | 79.71 കോടി രൂപ നൽകി, ശമ്പള വിതരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.റ്റി.സി.യിൽ 2022 മേയ് മാസത്തിൽ വിതരണം ചെയ്ത ശമ്പളം പ്രകാരം പ്രതിമാസം ശമ്പളത്തിനായി 94.54 കോടി രൂപ ആവശ്യമാണ്. 2022 മേയ് മാസത്തിൽ ജീവനക്കാർക്ക് ശമ്പളം വിതരണം നടത്തിയത് വിവിധ തീയതികളിലാണ്. 17.6.2022ന് ആരംഭിച്ച ശമ്പള വിതരണം മുഴുവൻ ജീവനക്കാർക്കും നൽകി പൂർത്തീകരിച്ചത് 02-7-2022 തീയതിയിലാണ്. |
| (ബി) | പ്രതിമാസ ശമ്പളം നൽകാനുള്ളതിൽ കൂടുതൽ തുക മേയ് മാസത്തിൽ കെ.എസ്. ആർ.ടി.സി.ക്ക് വരുമാനം ഉണ്ടായിരുന്നിട്ടും എന്തു കൊണ്ട് ജീവനക്കാരുടെ ശമ്പളം കൃത്യ സമയത്ത് നൽകിയില്ല എന്നത് വ്യക്തമാക്കാമോ ; | (ബി) | 2022 മെയ് മാസത്തെ ആകെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം 192.67 കോടി രൂപയാണ്. ടി മാസത്തെ ജീവനക്കാരുടെ ശമ്പളം, ഡീസൽ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിവ ഉൾപ്പെടെ ആകെ ചെലവുകൾക്കായി 289 കോടി രൂപ വേണ്ടിവന്നു. വരവും, ചെലവും തമ്മിലുള്ള ഈ അന്തരം നിമിത്തം സർക്കാരിൽ നിന്നും ലഭ്യമായ 30 കോടി രൂപ ഉപയോഗിച്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും നിലവിലുണ്ടായിരുന്ന ഓവർഡ്രാഫ്റ്റ് വായ്പ കുടിശ്ശിക പൂർണ്ണമായും ഒടുക്കുകയും, വീണ്ടും ടി ഓവർഡ്രാഫ്റ്റ് വായ്പ പുതുക്കി ലഭ്യമാക്കിയ 50 കോടി രൂപ വിനിയോഗിച്ച് ഡ്രൈവർ / കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ശമ്പളം ജൂൺ 17-ഓടെ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് ദൈനംദിന വരുമാനത്തിൽ നിന്നും മിച്ചം പിടിച്ചും, ഇന്ധന കമ്പനികൾക്ക് നൽകുവാനുള്ള വിഹിതത്തിൽ കുറവ് വരുത്തിയും, തുക സമാഹരിച്ച് ജൂൺ 27-ഓടെ മിനിസ്റ്റീരിയൽ വിഭാഗത്തിനും, കൺസോർഷ്യം വായ്പ തിരിച്ചടവ്, ഇന്ധന കമ്പനികളുടെ വിഹിതം എന്നിവ പൂർണ്ണമായും നിർത്തിവെച്ച് കണ്ടെത്തിയ പണം ഉപയോഗിച്ച് മെക്കാനിക്കൽ, ഹയർ ഡിവിഷൻ ഉൾപ്പെടെ ജൂലൈ 2-ഓടെയാണ് ജീവനക്കാരുടെ മെയ് മാസത്തെ ശമ്പള വിതരണം പൂർത്തീകരിച്ചത്. |
| (സി) | സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ഓടിക്കുന്ന റൂട്ടുകളിൽ ആണോ; ആയതിന്റെ വരുമാനം കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലാണോ ഉൾക്കൊള്ളിക്കുന്നത്; സ്വിഫ്റ്റ് കമ്പനിയിലെ മേയ് മാസത്തെ ശമ്പളം ഏത് ദിവസമാണ് നൽകിയത്; | (സി) | സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ഓടിച്ചുകൊണ്ടിരുന്ന റൂട്ടുകളിൽ മാത്രമല്ല പുതിയ റൂട്ടുകളിലും സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ഓടിക്കുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് ലഭ്യമാകുന്ന വരുമാനം പൂർണ്ണമായും എഫ്.എ. & സി.എ.ഒ., കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ തന്നെയാണ് ഒടുക്കുന്നത്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിൽ നിയമിതരായ വർക്ക് മെയ് മാസത്തിൽ പത്തു ദിവസത്തെ വീതം ശമ്പളം 20/05/2022, 08/06/2022, 14/06/2022 എന്നീ തിയ്യതികളിലാണ് വിതരണം ചെയ്തത്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിലെ ഏതെങ്കിലും സ്ഥിരം ജീവനക്കാരെ സ്വിഫ്റ്റിൽ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് ശമ്പളം നൽകുന്നത് സ്വിഫ്റ്റ് ആണോ; വ്യക്തമാക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി.ൽ നിന്ന് സ്വിഫ്റ്റിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ ഒരു ജീവനക്കാരനെ OPEN ADVT വഴി നിയമിച്ചിട്ടുണ്ട്. ടിയാന് കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ലഭിയ്ക്കേണ്ട ശമ്പള തുക നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും നൽകുന്നു. സ്വിഫ്റ്റിൽ നിന്നും ലഭിയ്ക്കേണ്ട ആകെ തുകയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിയ്ക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക സ്വിഫ്റ്റിൽ നിന്നും നൽകി വരുന്നു.<br><br>വർക് അറേൻജ്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിയ്ക്കുന്നവർക്ക് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ശമ്പളം നൽകി വരുന്നു. ഈ ചിലവുകൾ പിന്നീട് reconcile ചെയ്യുന്നതായിരിയ്ക്കും. |
| (ഇ) | പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഒരു പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഇ) | KSRTC നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ പാക്കേജ് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ